(ഡി) ഘട്ടംഘട്ടമായുള്ള മദ്യനിരോധനം എന്ന വാഗ്ദാനം നടപ്പാക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

1. കള്ള് ഷാപ്പുകളുടെ എണ്ണം കുറച്ചു.

2. കള്ള് ഷാപ്പുകൾ ഒഴികെയുള്ള മറ്റ് മദ്യഷാപ്പുകൾ അടച്ചിടുന്ന ദിവസങ്ങളുടെ എണ്ണം 4-ൽ നിന്ന് 16 ആയി വർദ്ധിപ്പിച്ചു.

3. പുതിയ ബാർ ലൈസൻസ് ത്രീസ്റ്റാർ സൗകര്യമോ അതിൽ കൂടുതൽ സൗകര്യമോ ഉള്ള ബാറുകൾക്ക് മാത്രമേ അനുവദിക്കുന്നുള്ളു.

4. വ്യാജമദ്യ നിർമ്മാണവും വിപണനവും തടയുന്നതിന് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്.

5. മദ്യവർജ്ജനത്തിന് ബോധവൽക്കരണം നടത്തുന്നുണ്ട്. മദ്യവിരുദ്ധ പ്രചരണരംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്ക് ധനസഹായം നൽകുന്നുണ്ട്.

6. അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി എക്സൈസ് വകുപ്പിൽ പുതിയ വാഹനങ്ങളും തോക്കുകളും വയർലെസ് സെറ്റുകളും നൽകിയിട്ടുണ്ട്.

ബീവറേജസ് കോർപ്പറേഷന്റെ വില്പന ശാലകളിലെ ജീവനക്കാരുടെ നിയമനം

120 [1923] ശ്രീ. മത്തായി ചാക്കോ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ബീവറേജസ് കോർപ്പറേഷന്റെ എത്ര ചില്ലറ വിൽപന ശാലകളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ വിൽപ്പനശാലകളിലായി എത്ര സ്ഥിരജീവനക്കാരുണ്ട്;

(സി) ഇവിടെ താൽക്കാലികാടിസ്ഥാനത്തിൽ ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ; എങ്കിൽ എത്രപേരെ ഏതെല്ലാം ഡിപ്പോകളിൽ എന്ന് വെളിപ്പെടുത്താമോ;

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണോ ഈ നിയമനം നടത്തിയിരിക്കുന്നത്; അല്ലെങ്കിൽ ഈ നിയമനങ്ങളുടെ മാനദണ്ഡമെന്താണെന്ന് വിശദീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 305 വില്പനശാലകൾ ഉണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) 344 പേർ.

(സി) താൽക്കാലികാടിസ്ഥാനത്തിൽ ആരെയും നിയമിച്ചിട്ടില്ല. എന്നാൽ ഷോപ്പുകളിലെ ദൈനംദിന ആവശ്യങ്ങൾക്കായി 583 പേരെ വിവിധ ഷോപ്പുകളിലായി ദിവസവേതനാടിസ്ഥാനത്തിൽ നിയോഗിച്ചിട്ടുണ്ട്.

(ഡി) ഉത്തരം (സി-യുടെ വെളിച്ചത്തിൽ) ബാധകമല്ല.

സംസ്ഥാന ബീവറേജസ് കോർപ്പറേഷന്റെ ചില്ലറ മദ്യവിൽപ്പന ശാലകൾ

121 [1924] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബീവറേജസ് കോർപ്പറേഷന് സംസ്ഥാനത്ത് എത്ര ചില്ലറ വില്പനശാലകൾ ഉണ്ട് എന്ന് ജില്ല തിരിച്ച് വെളിപ്പെടുത്താമോ;

(ബി) കോഴിക്കോട് ജില്ലയിൽ ഉള്ള ചില്ലറ വിൽപ്പനശാലകളുടെ ലിസ്റ്റ് ലഭ്യമാക്കാമോ;

(സി) ഈ ജില്ലയിലെ ചില റീട്ടെയിൽ ഷാപ്പുകളിലെ തിരക്കുമൂലം അതുവഴി കടന്നുപോകുന്ന വാഹനങ്ങൾ തടസ്സപ്പെടുന്ന കാര്യം പരിഗണിച്ച് ഡിപ്പോകൾ ഇന്നുള്ള സ്ഥലത്ത് നിന്ന് മാറ്റണം എന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ?

ഉത്തരം

(എ) 305 എണ്ണം. വിദേശമദ്യ വിൽപ്പനശാലകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) കോഴിക്കോട് ജില്ലയിലെ വിദേശമദ്യശാലകളുടെ വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) കോഴിക്കോട് ജില്ലയിലെ ചില റീട്ടെയിൽ ഷോപ്പുകളിലെ തിരക്കുമൂലം അതുവഴി കടന്നുപോകുന്ന വാഹനങ്ങൾ തടസ്സപ്പെടുന്നുവെന്ന് ശ്രദ്ധയിൽപെട്ടിട്ടില്ല. ആയതിനാൽ ഇക്കാര്യം പരിഗണനയിലില്ല.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly